കൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ ഇതിനു പുറമെയാണ്.

(ബി)(സി)&(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരുടെ കാര്യത്തിൽ ഒരു മുറിയും അടുക്കളയും മാത്രമുള്ള വീടുകൾ നൽകുന്ന പരിപാടി 1997-98 മുതൽതന്നെ നിർത്തലാക്കിയിട്ടുണ്ട് . ഇപ്പോൾ 35,000 രൂപ ധന സഹായം അനുവദിക്കുന്നത് രണ്ടുമുറികൾ അടുക്കള, ടോയ്ലറ്റ് എന്നിവ അടങ്ങുന്ന വീടുകൾ നിർമ്മിക്കാനാണ്. ഇതിനു വേണ്ട ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

12 (156) പട്ടികജാതി ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി ക്ഷേമ കോർപ്പറേഷൻ പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് സാമ്പത്തികസഹായം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിനുള്ള നിബന്ധനകൾ വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഈ ഇനത്തിൽ എത്ര പേർക്ക് സാമ്പത്തിക സഹായം നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിഭൂമി വായ്പാപദ്ധതിപ്രകാരം 50,000 രൂപ സബ്സിഡിയും ഒരു ലക്ഷം രൂപ വായ്പയും അനുവദിക്കുന്നുണ്ട്.(നിബന്ധനകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

13 (157) സ്കൂൾ അദ്ധ്യാപന നിലവാരം

ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ അധ്യാപന നിലവാരത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) അദ്ധ്യാപനനിലവാരം ഉയർത്തുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അദ്ധ്യാപന പരിശീലന കോഴ്സുകളായ ടി.ടി.സി., ബി.എഡ് എന്നിവയ്ക്ക് പ്രവേശന പരീക്ഷ ഏർപ്പെടുത്തുമോ;

(ഡി) പ്രസ്തുത കോഴ്സുകളുടെ നിലവാരമുയർത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സ്കൂൾ അദ്ധ്യാപക നിയമനത്തിന് യോഗ്യതാനിർണ്ണയ പരീക്ഷ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ ഇക്കാര്യത്തിൽ പഠനം നടത്തിവരികയാണ്.

(ബി) ശിശുകേന്ദ്രീകൃതവും പ്രവർത്തനോന്മുഖവുമായ പുതിയ പാഠ്യ പദ്ധതി, ബോധനരീതി എന്നിവയിൽ അന്തർഭവിച്ചിട്ടുള്ള സമീപനത്തിൽ ഊന്നി നിന്നുകൊണ്ട് അദ്ധ്യാപകർക്ക് സാർവ്വത്രികമായ പരിശീലനം ഡയറ്റുകൾ വഴി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) പരിശോധിച്ചുവരികയാണ്.

(ഡി) നിലവാരം ഉയർത്തുന്നതിനായി കരിക്കുലം പരിഷ്കരിച്ചു കഴിഞ്ഞു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

14 (158) വിദ്യാഭ്യാസ മേഖലയിൽ വരുത്തിയിട്ടുള്ള പരിഷ്ക്കാരങ്ങൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ വരുത്തിയിട്ടുള്ള പരിഷ്ക്കാരങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ പരിഷ്ക്കാരങ്ങൾമൂലം സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം നിലവിലുണ്ടായിരുന്നതിനെക്കാൾ ഉയർത്തുവാൻ സാധിച്ചിട്ടുണ്ടോ; ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) പുതിയ പരിഷ്ക്കാരങ്ങൾമൂലം സർക്കാർ പ്രതീക്ഷിച്ച നേട്ടം വിദ്യാഭ്യാസമേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനായി ഒട്ടനവധി പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് ഡോ. കെ. ഗോപാലൻ ചെയർമാനായുള്ള കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു.

2. ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠ്യപദ്ധതി പ്രൈമറി ക്ലാസ്സുകളിൽ നടപ്പിലാക്കി.

3. ഡി.പി.ഇ.പി. ആറ് ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly